LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പാലം നിർമ്മാണം

49 [2938] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 1996-97 മുതൽ 2000-01 വരെയുള്ള കാലയളവിൽ ഏതൊക്കെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവയിൽ ഏതൊക്കെ നിർമ്മാണം ആരംഭിച്ചുവെന്നും ഏതൊക്കെയാണ് പൂർത്തിയാക്കിയതെന്നും അറിയിക്കാമോ;

(ബി) 2001-02 മുതൽ ഇതേവരെ ജില്ലയിൽ ഏതൊക്കെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവയിൽ ഏതൊക്കെ നിർമ്മാണം ആരംഭിച്ചുവെന്നും ഈ കാലത്ത് നിർമ്മാണം ആരംഭിച്ചവയിൽ ഏതൊക്കെ പൂർത്തിയായെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദവിവരങ്ങൾ അനുബന്ധം III†

ചേർത്തല-കോടിമത കണവാറ്റിൻകര റോഡ് നിർമ്മാണം

50 [2939] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ നിന്നും കോടിമത കണവാറ്റിൻകര വരെയുള്ള റോഡിന്റെ നിർമ്മാണം ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) നിലവിലുള്ള അവസ്ഥയിൽ റോഡ് പണി എപ്പോൾ പൂർത്തിയാക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡിന്റെ നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല.

(ബി) മൊത്തം അലൈൻമെന്റിന്റെ കോടിമത മുതൽ കവണാർ വരെയുള്ള 14½ കിലോമീറ്റർ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കേ പണി ആരംഭിക്കുകയുള്ളൂ.

†അനുബന്ധം III